"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം- കൊച്ചി നഗരസഭയിലെ കരാറുകാരന് എഗ്രിമെന്റ് പ്രകാരം നിർവ്വഹണം നടത്തിയ വർക്കുകളുടെ ബിൽ തുക അനുവദിച്ചു നൽകുന്നതിലെ കാലതാമസം- കൊച്ചി നഗരസഭ മുൻ അസി.എക്സി.എഞ്ചിനീയർ ശ്രീ.സുധീർരാജ്.ജെ.എസ്.-ന് എതിരെയുള്ള അച്ചടക്ക നടപടി- തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.880/2026/LSGD തീയതി,തിരുവനന്തപുരം, 13-04-2026

---

പരാമർശം:-
1. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.10.2021-ലെ E13/6786/19/CE/LSGD നമ്പർ കത്ത്.
2. 21-03-2022-ലെ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. ശ്രീ.സുധീർരാജ് ജെ.എസ്. സമർപ്പിച്ച 12.10.22-ലെ പ്രതിവാദപത്രിക.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17-11-2025-ലെ LSGD/PD/52743/2023-VIGC4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊച്ചി നഗരസഭയിലെ കരാറുകാരനായ ശ്രീ.പ്രിൻസ് ടി. ആന്റണി എഗ്രിമെന്റ് പ്രകാരം നിർവ്വഹണം നടത്തിയ വർക്കുകളുടെ ബിൽ തുക അനുവദിച്ചു നൽകുന്നതിന് കാലതാമസം വരുത്തുന്നതായി പരാതി നൽകുകയും ആയതിൽ ദക്ഷിണമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ അന്വേഷണം നടത്തിയതിൽ കൊച്ചി നഗരസഭ മെയിൻ ഓഫീസ് മുഖേന ടിയാൻ നിർമാണം നടത്തിയ MOES/14232/15 എന്ന പ്രവൃത്തിയുടെ ബിൽ സമയബന്ധിതമായി എഴുതി നൽകാത്തതായി കണ്ടെത്തുകയും, ആയതിന് ശ്രീ.സുധീർരാജ് ജെ.എസ്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മെമ്മോ നല്കുകയുമുണ്ടായി. മെമ്മോയ്ക്ക് സമർപ്പിച്ച വിശദീകരണത്തിൽ ടിയാൻ എം.ബുക്കും ബില്ലും എഴുതി കൊച്ചി നഗരസഭയിൽ സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചിരുന്നു. എന്നാൽ പ്രവൃത്തിയുടെ എം.ബുക്ക് 989/04-05 ഫയലിൽ ലഭ്യമല്ലായെന്ന് കൊച്ചി നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എം.ബുക്ക്, ബില്ല്

എന്നിവ അടിയന്തരമായി ലഭ്യമാക്കാൻ ടിയാന് നിരവധി തവണ അറിയിപ്പുകൾ നൽകിയെങ്കിലും ടിയാൻ സമയം അനുവദിക്കണമെന്ന് അപേക്ഷ നൽകുന്നതല്ലാതെ എം.ബുക്ക്, ബില്ല് എന്നിവ നാളിതുവരെ സമർപ്പിട്ടില്ലായെന്നും ടിയാൾ നിലവിൽ അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ ആയതിനാൽ ടിയാനെതിരെ ചീഫ് എഞ്ചിനീയർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കാൻ കഴിയില്ലായെന്നും ആകയാൽ ടിയാനെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ചീഫ് എഞ്ചിനീയർ പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടുകയുണ്ടായി.

2. തുടർന്ന്, മേൽ പരാമർശിച്ച വീഴ്ചയ്ക്ക് ഉത്തരവാദിയായ അസി.എക്സി.എഞ്ചിനീയർ ശ്രീ.സുധീർരാജ് ജെ.എസ്.-നെതിരെ KCS (CC&A) Rules 1960-യിലെ Rules 16 പ്രകാരമുള്ള പരാമർശ കുറ്റപത്രം നല്കി അച്ചടക്കനടപടി ആരംഭിച്ചു.

3 . കുറ്റപത്രത്തിന് മറുപടിയായി അസി.എക്സി.എഞ്ചിനീയർ ശ്രീ.സുധീർരാജ് ജെ.എസ്. സമർപ്പിച്ച പരാമർശ എതിർവാദപത്രികയിൽ, കൊച്ചി നഗരസഭയിൽ അസിസ്റ്റൻറ് എഞ്ചിനിയറായി ജോലി നോക്കി വരവെ വട്ടുതല ഭാഗത്തെ പള്ളി ഉത്സവത്തിനോടനുബന്ധിച്ച് MOES/14232/15 എന്ന ഫയൽ പ്രകാരം അടിയന്തരമായി അടങ്കൽ തയ്യാറാക്കി ബഹു. മേയറുടെ മുൻകൂർ അനുമതിയോടുകൂടി ടെൻഡർ നടപടിയെടുത്ത് എഗ്രിമെന്റ് വെച്ചതിനെ തുടർന്ന് പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ടെന്നും, പ്രസ്തുത അടങ്കലിൽ ടാറിംഗ് പ്രവൃത്തിയിലെ ടാർ, ഡിപ്പാർട്ട്മെന്റ് സപ്ലൈ ആയിരുന്നുവെന്നും, സാധാരണ നിലയിൽ ഡിപ്പാർട്ടുമെൻറ്റിൽ ടാർ സ്റ്റോക്ക് ഇല്ലായെങ്കിൽ അടിയന്തര സാഹചര്യം വരുമ്പോൾ കോൺട്രാക്ടർ സ്വന്തം നിലയിൽ ടാർ ഉപയോഗിച്ച് പ്രവൃത്തി ചെയ്തു കഴിഞ്ഞതിനു ശേഷം, ഡിപ്പാർട്ട്മെന്റിൽ ടാർ സ്റ്റോക്ക് വരുമ്പോൾ ആയത് കോൺട്രാക്ടർക്ക് തിരികെ നൽകുന്ന രീതി ആയിരുന്നു അവലംബിച്ച് വന്നിരുന്നതെന്നും, ആയതിനുശേഷം മാത്രമാണ് ബിൽ എഴുതി സമർപ്പിക്കുന്നതെന്നും, വകുപ്പ് തലത്തിൽ ടാർ ലഭ്യമല്ലാതിരുന്നതിനാൽ മേൽ വിവരിച്ചതുപോലെ ചെയ്യുന്നതിന് സാധിച്ചിട്ടില്ലായെന്നും, ടാർ വരുന്നതിന് കാലതാമസം ഉണ്ടായതിനാൽ മേൽ ഉദ്യോഗസ്ഥന്റെ നിർദ്ദേശത്തെ തുടർന്ന് കോൺട്രാക്ടർ സ്വന്തം നിലയിൽ ടാർ ഉപയോഗിച്ചുള്ള പ്രവൃത്തിയ്ക്ക് ബിൽ എഴുതി ഓവർസിയർ മുഖാന്തിരം സെക്ഷനിൽ ഏൽപ്പിച്ചിട്ടുണ്ടായിരുന്നുവെന്നും ബിൽ എഴുതി നൽകിയിട്ടില്ലായെന്ന പരാതിയുടെ അടിസ്ഥാനത്തിൽ നഗരസഭയുടെ സെക്ഷൻ ക്ലർക്കുമായി ബന്ധപ്പെട്ടപ്പോൾ മെഷർമെൻറ് ബുക്ക് കാണാനില്ലയെന്നും, ഫയൽ മാത്രമേ സെക്ഷനിൽ ഉള്ളൂവെന്നു പറഞ്ഞിരുന്നുവെന്നും, മെഷർമെൻറ്റ് ബുക്ക് ഉൾപ്പെടെ ഏൽപ്പിച്ചു എന്നുള്ള ശരിയായ ധാരണയിൽ പ്രസ്തുത ഫയൽ, മെഷർമെൻറ് ബുക്ക് എന്നിവ അക്കൗണ്ട്സ് സെക്ഷനിൽ ഏൽപ്പിക്കാമെന്ന്

മെമ്മോയ്ക്ക് മറുപടി നൽകിയിരുന്നുവെന്നും, ആയതിനെ തുടർന്ന് ഒന്ന് രണ്ട് പ്രാവശ്യം കൊച്ചി നഗരസഭയിൽ പോയിരുന്നുവെങ്കിലും പ്രസ്തുത മെഷർമെൻറ് ബുക്ക് മാത്രം misplaced ആയിരുന്നുവെന്നും ആയത് ലഭിച്ചതിനെ തുടർന്ന് പരാതിക്കാരനായ ശ്രീ.പ്രിൻസ് ടി. ആന്റണിയുടെ സാന്നിദ്ധ്യത്തിൽ സെക്ഷനിൽ ഏൽപ്പിച്ച് പരാതി പരിഹരിച്ചിട്ടുള്ളതായും അറിയിച്ചു.

4. അസി.എക്സി.എഞ്ചിനീയർ ശ്രീ.സുധീർരാജ് ജെ.എസ്. സമർപ്പിച്ച എതിർവാദപത്രികയിന്മേൽ, പരാമർശം (4) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായ റിപ്പോർട്ടിൽ രേഖകൾ പരിശോധിച്ചതിൽ നിന്നും കരാറുകാരന് തുക നൽകുകയോ കരാറുകാരൻ പരാതി പിൻവലിക്കുകയോ ചെയ്തിട്ടില്ലയെന്നും എം.ബുക്ക് അസിസ്റ്റന്റ് എഞ്ചിനിയർ എഴുതി നൽകിയിട്ടില്ലയെന്നും വർഷങ്ങളായി നിരവധി തവണ ആവശ്യപ്പെട്ടിട്ടും, നടത്തിയ പ്രവൃത്തിയുടെ മെഷർമെന്റ് എടുക്കാത്തതും ഇത് സംബന്ധിച്ച് വിശദീകരണം നൽകാതിരുന്നതും അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ.സുധീർ രാജിന്റെ വീഴചയാണെന്നും അറിയിച്ചിരുന്നു.

5. കരാറുകാരനായ ശ്രീ.പ്രിൻസ് ടി.ആന്റണി സമർപ്പിച്ച പരാതി, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട്, ശ്രീ.സുധീർരാജ് ജെ.എസ്. സമർപ്പിച്ച പ്രതിവാദപത്രിക, പ്രതിവാദപത്രികയിന്മേലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചു. MOES/14232/15 എന്ന പ്രവൃത്തിയുടെ ബിൽ സമയബന്ധിതമായി എഴുതി നല്കിയില്ലയെന്നതാണ് ശ്രീ.സുധീർരാജ് ജെ.എസ്. (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)-നെതിരായ ആരോപണം. ബിൽ എഴുതി ഓവർസിയർ മുഖാന്തിരം സെക്ഷനിൽ ഏൽപ്പിച്ചിരുന്നുവെന്നും കരാറുകാരന് തുക നൽകിയില്ലയെന്ന പരാതിയെ തുടർന്ന് misplace ആയിരുന്ന മെഷർമെൻറ് ബുക്ക് കണ്ടെത്തി പരാതിക്കാരനായ ശ്രീ.പ്രിൻസ് ടി.ആന്റണിയുടെ സാന്നിദ്ധ്യത്തിൽ സെക്ഷനിൽ ഏൽപ്പിച്ച് പരാതി പരിഹരിച്ചിട്ടുണ്ടെന്നും ടിയാൾ പ്രതിവാദപത്രികയിൽ പറയുന്നുണ്ടെങ്കിലും കരാറുകാരന് തുക നൽകുകയോ കരാറുകാരൻ പരാതി പിൻവലിക്കുകയോ ചെയ്തിട്ടില്ലയെന്നും എം.ബുക്ക് അസിസ്റ്റന്റ് എഞ്ചിനിയർ എഴുതി നൽകിയിട്ടില്ലയെന്നും വർഷങ്ങളായി നിരവധി തവണ ആവശ്യപ്പെട്ടിട്ടും, നടത്തിയ പ്രവൃത്തിയുടെ മെഷർമെന്റ് എടുക്കുക പോലും ചെയ്യാത്തതും ഇത് സംബന്ധിച്ച് വിശദീകരണം നൽകാതിരുന്നതും അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ.സുധീർ രാജിന്റെ വീഴ്ചയാണെന്നുമാണ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുന്നത്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനിയറും പ്രവൃത്തിയുടെ പേയ്മെന്റ് ഇതുവരെയും കരാറുകാരന് നല്കിയിട്ടില്ലയെന്ന് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കരാർ പ്രവൃത്തി പൂർത്തീകരിച്ച് 15

വർഷത്തിന് ശേഷവും ആയതിന്റെ തുക കരാറുകാരനായ ശ്രീ.പ്രിൻസ് ടി. ആന്റണിയ്ക്ക് നൽകാനുള്ള നടപടികൾ കൈക്കൊള്ളാത്തത് അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ.സുധീർ രാജിന്റെ ഭാഗത്തു നിന്നുളള വീഴ്ചയാണ്. പേയ്മെന്റ് നല്കാതിരിക്കുന്നതിന് പ്രത്യേക കാരണങ്ങളൊന്നുമില്ല എന്നാണ് വ്യക്തമാകുന്നത്. കൂടാതെ വർക്കുമായി ബന്ധപ്പെട്ട ഫയലിൽ എം.ബുക്ക്, ബില്ലുകൾ എന്നിവയില്ലാതെ അപൂർണ്ണമാണ്. വകുപ്പിൽ നിന്നും നിരവധി തവണ ആവശ്യപ്പെട്ടിട്ടും നടത്തിയ പ്രവൃത്തിയുടെ മെഷർമെന്റ് എടുക്കുകയോ എം.ബുക്ക് എഴുതി നൽകുകയോ കരാറുകാരന് തുക നൽകുകയോ ചെയ്തിട്ടില്ല. ഇപ്രകാരം ഔദ്യോഗിക കൃത്യനിർവഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയെന്ന ആരോപണം നിലനിൽക്കുന്നതിനാൽ, കൊച്ചി നഗരസഭയിലെ കരാറുകാരനായ ശ്രീ.പ്രിൻസ് ടി. ആന്റണി എഗ്രിമെന്റ് പ്രകാരം നിർവ്വഹണം നടത്തിയ വർക്കുകളുടെ ബിൽ തുക അനുവദിച്ചു നൽകുന്നതിന് കാലതാമസം വരുത്തിയതുമായി ബന്ധപ്പെട്ട് കൊച്ചി നഗരസഭ മുൻ അസി.എക്സി.എഞ്ചിനീയർ ശ്രീ.സുധീർരാജ് ജെ.എസ്.-നെതിരെ KCS (CC&A) Rules 1960-യിലെ Rules 16 പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കി സ്വീകരിച്ചുവന്ന അച്ചടക്കനടപടി അതേ ചട്ടങ്ങളിലെ **ചട്ടം 11(1)(iii) പ്രകാരം ടിയാളുടെ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേയ്ക്ക് സഞ്ചിതഫലമില്ലാതെ തടയുക എന്ന ശിക്ഷ നല്കി തീർപ്പാക്കി ഉത്തരവാകുന്നു.** ശ്രീ.സുധീർരാജ് ജെ.എസ് 31.05.2026-ൽ സർവീസിൽ നിന്നും വിരമിക്കുന്നതിനാൽ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേയ്ക്ക് തടയുന്നതിന് തുല്യമായ തുക ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കുവാനുള്ള നടപടി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1. ശ്രീ.സുധീർരാജ് ജെ.എസ്.(PEN:677477), അസി.എക്സി.എഞ്ചിനീയർ, ആറ്റിങ്ങൽ നഗരസഭ
(മുൻ അസി.എക്സി.എഞ്ചിനീയർ, കൊച്ചി നഗരസഭ)
(തദ്ദേശസ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.**(ഈ ഉത്തരവു പ്രകാരമുള്ള തുടർനടപടിയ്ക്കായി)**
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
4. തദ്ദേശ സ്വയംഭരണ(EWB) വകുപ്പ്.
5. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

6. കരുതൽ ഫയൽ /ഓഫിസ് പകർപ്പ് (EWA4/306/2021-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 16-04-2026 11:45:44
സെക്ഷൻ ഓഫീസർ